ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: സംയോജിത ഗ്രാമവികസന പരിപാടി, വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ട്രെയിനിംഗ് ആൻഡ് വിസിറ്റിംഗ് പ്രോഗ്രാമനുസരിച്ച് മറ്റു സംസ്ഥാനങ്ങളിൽ ഫലവൃക്ഷത്തൈകളും കൊടുക്കുക, കീടനാശിനികളും കൊടുക്കുക തുടങ്ങിയവയാണ് ചെയ്യുന്നത്. ഇവിടെ മുന്നൂറു ഗസറ്റഡ് ഉദ്യോഗസ്ഥൻമാരാകുന്ന വെള്ളാനകളെ സൃഷ്ടിച്ചുകൊണ്ടു ആ പദ്ധതിയുടെ പ്രയോജനം ദുരുപയോഗപ്പെടുത്തലാണോ ചെയ്യുന്നത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു തെറ്റായ ഒരു പ്രചരണം ആണ്. ഗവൺമെന്റ് ജനദ്രോഹപരമായ നടപടിയാണ് സ്വീകരിക്കുന്നത് എന്ന് ഇടയ്ക്കിടക്ക് പബ്ലിസിറ്റി കൊടുക്കലാണ് ഇത്.

ശ്രീ. കെ. സുകുമാരനുണ്ണി: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, 63-ം 37-ം ബ്ലോക്കുകളിൽ ഈ പരിപാടി നടപ്പിലാക്കിയിട്ടുണ്ട് എന്നാണ്. ഈ പദ്ധതിമൂലം ആ പ്രദേശത്ത് എന്തു അഭിവൃദ്ധിയാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഓരോ പ്രദേശത്തേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആൾക്കാരുടെ ആവശ്യം മനസ്സിലാക്കിക്കൊണ്ട് അവരുടെ പാരമ്പര്യ തൊഴിലിനുള്ള സാമ്പത്തികസഹായവും കാർഷിക വിഭവങ്ങളും, കന്നുകാലി വളർത്തൽ, പമ്പുസെറ്റു വിതരണം ഇങ്ങനെ നിരവധി സഹായങ്ങളും കൊടുക്കുന്നു. ഇതാണ് ഗ്രാമസംയോജിത പരിപാടി മൂലം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്.

ഹരിജന–ഗിരിജനക്ഷേമ പദ്ധതികൾ

* 44 [47] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979–80 സാമ്പത്തിക വർഷത്തിൽ ഹരിജന ഗിരിജനക്ഷേമത്തെ ലാക്കാക്കിക്കൊണ്ട് ഏതെല്ലാം പദ്ധതികൾ ആണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതികൾക്ക് മൊത്തം എന്തു തുക ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി:)

(എ) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കു പുറമേ താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

(1) പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവീസ് കമ്മീഷൻ അപേക്ഷാഫാറത്തിന് ഫീസ് ഈടാക്കുന്ന സമ്പ്രദായം നിറുത്തലാക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

(2) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഹ്രസ്വകാല തൊഴിൽ പരിശീലനം.

(3) ആദിവാസി വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ ലൈബ്രറിയുണ്ടാക്കുക; റേഡിയോ വിതരണം ചെയ്യുക.

(4) എസ്. എസ്. എൽ. സി. തോറ്റ ആദിവാസി വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലിൽ പഠിക്കാൻ ധനസഹായം.

(5) ആദിവാസി ഹോസ്റ്റലുകളിൽ വിവിധവിഷയങ്ങൾക്ക് പ്രത്യേകം ട്യൂട്ടർമാരെ നിയമിക്കുക.

(6) പത്തു വെൽഫെയർ ഹോസ്റ്റലുകൾ.

(7) മൂന്നു പുതിയ ഹോസ്റ്റലുകൾക്ക് കെട്ടിടം.

(8) ഇടുക്കി ജില്ലയിൽപ്പെട്ട കട്ടപ്പനയിൽ ഒരു കോസ്മോപ്പോളിറ്റൻ ഹോസ്റ്റൽ.

(9) ഇൻഡ്യയ്ക്കകത്തും പുറത്തും ഡിമാൻറുള്ള സാങ്കേതിക തൊഴിലുകൾ പഠിപ്പിക്കാനായി ഒരു ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്.

(ബി) ഈ പദ്ധതികൾക്കെല്ലാം കൂടി മൊത്തം 10.71 കോടി രൂപ യോളം ചെലവുവരുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല തൊഴിൽ പരിശീലനം നൽകുമെന്നു പറഞ്ഞു. എന്തെല്ലാം ട്രേഡുകളിലാണ്? കാലാവധി എത്രയാണ്? പരിശീലനം കഴിഞ്ഞാൽ ജോലിക്കു സാധ്യതയുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഹ്രസ്വകാല സാങ്കേതിക പരിശീലനത്തിലുള്ളത് ആധുനികരീതിയിലുള്ള പല ട്രേഡുകളാണ്. ഓരോ ട്രേഡിനും പ്രത്യേകം സമയം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ കണ്ടെത്താൻ ആവശ്യമായ മറ്റു നടപടികളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. എൻ. പി. മൊയ്തീൻ: ഹരിജന ഗിരിജനക്ഷേമം ലാക്കാക്കി ഇതിനകം ആരംഭിച്ചിട്ടുള്ള പരിപാടികൾ പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ? പൂർണ്ണമായും നടപ്പിലാകാതെയുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഒന്നും പൂർണ്ണമായി എന്നു പറയാനൊക്കുകയില്ല. ഓരോ കാലത്തേയും പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഓരോ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഗിരിവർഗ്ഗ വിദ്യാർത്ഥികളുള്ള ഹോസ്റ്റലുകളിൽ ലൈബ്രറിയും റേഡിയോയും കൊണ്ടുവരാൻ പോകുന്നുവെന്നു പറഞ്ഞു. യഥാർത്ഥത്തിൽ ബഞ്ചും ഡസ്ക്കും പോലുമില്ല. കിടക്കാൻ പായപോലുമില്ല. അതുകൊണ്ട് അത്യാവശ്യമുള്ള സാധനങ്ങളെങ്കിലും എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നടപടികളെല്ലാം ആരംഭിച്ചിട്ടുണ്ട്. എവിടെയെങ്കിലും കിട്ടാതെയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: എവിടെയും കിട്ടിയിട്ടില്ല.

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതു ശരിയല്ല.

ശ്രീ. എം. സത്യനേശൻ: പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് ഇപ്പോഴും നിരവധി ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്നു പറഞ്ഞു. ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. പി. ബി. ആർ. പിള്ള: ഹരിജൻ ഹോസ്റ്റലുകളിലെ ആഹാരം തൊഴിൽ പരിശീലനം ഇവയെപ്പറ്റി പുതിയതായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികളെക്കുറിച്ചു പറഞ്ഞു. ഇന്നുള്ള തൊഴിൽപരിശീലനകേന്ദ്രത്തിലെ യന്ത്രങ്ങളെല്ലാം പ്രവർത്തിക്കുന്നുണ്ടോ? പുതിയ സ്കീം തയ്യാറാക്കുന്നതോടൊപ്പം പഴയ പരിശീലനകേന്ദ്രങ്ങളും മെച്ചപ്പെടുത്താനും പ്രവർത്തിപ്പിക്കാനുംകൂടി നടപടി സ്വീകരിക്കുമോ? അതുപോലെ ട്രൈബൽ ഹോസ്റ്റലിലെ കൊച്ചുകുട്ടികൾക്ക് ഒന്നര രൂപയും ഒരു രൂപയും കൊടുക്കുന്ന സമ്പ്രദായം മാറ്റി നിത്യവും ആവശ്യമുള്ള ഭക്ഷണം അവർക്കു കിട്ടാനുള്ള സൗകര്യം ഏർപ്പാടുചെയ്യുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ചില പരാതികളും കിട്ടിയിട്ടുണ്ട്. നേരിട്ട് അന്വേഷണം നടത്തുകയും പരിഹരിക്കാനുള്ള കർശനമായ നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: 1979–80 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്ലാൻസ്കീമിൽ കണ്ണൂർ ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളും പരിപൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെ ഒഴിവാക്കിയിട്ടില്ല. നടപടിക്രമങ്ങളനുസരിച്ച് ചെയ്തിട്ടുണ്ട്.

ശ്രീ. എ. എൻ. യൂസഫ്: അട്ടപ്പാടി ഭാഗത്തു തൊഴിൽ പരിശീലനം നൽകിയിരുന്ന മൂന്നുനാലു സെൻററുകളും എടുത്തുകളഞ്ഞിരിക്കുകയാണ്. പുതിയതായി ആരംഭിച്ചിട്ടുമില്ല. പല പ്രാവശ്യം ഉന്നയിച്ചതാണ്. പ്രായോഗികമല്ലെന്നൊക്കെയാണ് പറയുന്നത്. തൊഴിലിനോടു ബന്ധപ്പെട്ട വിദ്യാഭ്യാസം നൽകാൻ ഐ. ടി. ഐ., ഐ. ടി. സി. തുടങ്ങിയ സ്ഥാപനങ്ങളും ഹരിജനവിഭാഗങ്ങൾക്കു പ്രത്യേകം തുറന്ന് ഹരിജനങ്ങളെ ഉദ്ധരിക്കണമെന്നതിനെപ്പറ്റി നിവേദനം കിട്ടിയിട്ടുണ്ടോ? അതു പരിശോധിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല. പരിശോധിക്കാം. ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. രാമൻ: നിലമ്പൂരിലെ ജവഹർ കോളനിപോലെ ഗവൺമെൻറിൻെറ മറ്റുവല്ല പദ്ധതിയും നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെ പരാജയപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: ഹൃസ്വകാല പരിശീലനം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ആണോ? ഇപ്പോഴത്തന്നെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു നടത്തുന്ന പരിശീലനകേന്ദ്രങ്ങളുണ്ട്. അവയിൽനിന്ന് ട്രെയിനിംഗ് കിട്ടി പുറത്തുവരുന്നവർക്കു പണിയില്ല. ഹ്രസ്വകാല ട്രെയിനിംഗ് കഴിഞ്ഞുവരുന്ന ആളുകളും അതുപോലെ കാത്തിരിക്കാനാണോ അതല്ല ആധുനിക വ്യവസായങ്ങളിൽ പണി കിട്ടത്തക്ക എന്തെങ്കിലും ട്രെയിനിങ്ങാണോ?

ശ്രീ. ഭാസ്കരൻ കാളാശ്ശേരി: ചില പ്രത്യേക ട്രേഡിൽ പരിശീലനം സിദ്ധിച്ച ഹരിജനങ്ങളില്ലാത്തതുകൊണ്ടാണ് ഹരിജനങ്ങൾക്കു കിട്ടേണ്ട പണി കിട്ടാതെ പോകുന്നത്. അങ്ങനെയുള്ള ട്രേഡുകളിൽ പരിശീലനം കൊടുത്തിട്ട് തൊഴിൽ കൊടുക്കാനുള്ള ഏർപ്പാടാണ് ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഹരിജന ഗിരിജനക്ഷേമം ലാക്കാക്കി പുതിയ പദ്ധതികൾ സമാരംഭിക്കുന്നുവെന്നു പറഞ്ഞു. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, ഗവൺമെന്റംഗീകരിച്ച സ്ഥാപനങ്ങളിൽ പഠിച്ച പല ഹരിജന ഗിരിജന വിദ്യാർത്ഥികൾക്കും സ്റ്റൈപ്പെന്റോ മറ്റാനുകൂല്യങ്ങളോ കൊടുത്തിട്ടില്ലെന്ന് ആവലാതിയുണ്ടായിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ആനുകൂല്യങ്ങൾ കൊടുക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

ശ്രീ. ഭാസ്കരൻ കാളാശ്ശേരി: പരാതികൾ ലഭിച്ചിട്ടുണ്ട്. പരിഹരിക്കാൻ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

എൻ. എച്ച്. 47

*45 [48] ശ്രീ. കെ. പി. നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 47 ന്റെ പണി എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(ബി) കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഹൈവേയിലെ എത്ര പാലങ്ങൾ ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്?

മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): (എ) നാഷണൽ ഹൈവേ സെൻട്രൽ സെക്ടർ സ്കീമാണ്. കേന്ദ്ര ഗവൺമെന്റാണ് ഇതിന്റെ ചെലവു വഹിക്കുന്നത്. ഈ ആവശ്യത്തിനു വേണ്ടി കേന്ദ്രസർക്കാർ തുക നീക്കിവയ്ക്കുന്നതനുസരിച്ച് പണി നടന്നു കൊണ്ടിരിക്കുകയാണ്. പണി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് ഖണ്ഡിതമായി പറയാൻ വിഷമമാണ്.

(ബി) പ്രധാനമായും കേന്ദ്രഗവൺമെന്റ് ഈ പണിക്കുവേണ്ടി അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ്.

LIBRARY ARCHIVES Kerala Legislative Assembly